പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 942 | 29..09..2011 -ൽ മറുപടിയ്ക്ക്.

# മലയാള അദ്ധ്യാപക തസ്തിക അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി. യു. കുരുവിള | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ടെക്നിക്കൽ ഹൈസ്കൂളുകളിൽ മലയാളം പാഠ്യവിഷയമാക്കിയിരിക്കുന്ന സാഹചര്യത്തിൽ ആയത് പൊതു വിദ്യാഭ്യാസ വകുപ്പിലെ മലയാളം സിലബസുമായി ഏകീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ; | (എ) ടെക്നിക്കൽ ഹൈസ്കൂളുകളിൽ മലയാളം പൊതു വിദ്യാഭ്യാസ വകുപ്പിലെ മലയാളം സിലബസുമായി ഏകീകരിക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ മലയാളം പാഠാവലി അതേപടി ടെക്നിക്കൽ ഹൈസ്കൂൾ സിലബസിൽ ഉൾക്കൊള്ളിച്ചുതരുവാൻ എസ്.സി.ആർ.ടി -യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻമേലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) നിലവിൽ റ്റി.എച്ച്.എസ്സു.കളിൽ മലയാളത്തിന് എത്ര പിരീഡാണ് നൽകിയിട്ടുള്ളത്; | (ബി) നിലവിൽ റ്റി.എച്ച്.എസ്സുകളിൽ മലയാളത്തിന്<br>ഒന്നാം വർഷം - 2 പീരിഡ്<br>രണ്ടാം വർഷം - 1 പീരിഡ്<br>മൂന്നാം വർഷം - 1 പീരിഡ് |
| (സി) പ്രസ്തുത വിഷയത്തിന് അദ്ധ്യാപക നിയമനം കരാർ അടിസ്ഥാനത്തിലാണോ ദിവസ വേതനത്തിലാണോ എന്ന് വ്യക്തമാക്കാമോ; | (സി) പ്രസ്തുത വിഷയത്തിന് മണിക്കൂർ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത്. |
| (ഡി) സിലബസ് ഏകീകരണം നടക്കുകയാണെങ്കിൽ റ്റി.എച്ച്. എസ്സുകളിൽ പാർട് ടൈം ആയോ ഫുൾ ടൈം ആയോ മലയാള അദ്ധ്യാപക തസ്തിക അനുവദിക്കുമോ? | (ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ